# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2092 — 08/03/2018-ൽ മറുപടിക്ക്

## വൈദ്യുതി ഉൽപാദന പദ്ധതികൾ

| | ചോദ്യം<br><br>**ശ്രീ.പാറക്കൽ അബ്ദുല്ല** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അടുത്ത പത്ത് വർഷത്തിനിടയിൽ വീട്ടുകളിലെ വൈദ്യുതി ഉപഭോഗം 60 ശതമാനവും വാണിജ്യ ഉപഭോഗം 74 ശതമാനവും കണ്ട് വർദ്ധിക്കുമെന്ന കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ സർവ്വേ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വൈദ്യുതി ഉപഭോഗം കുതിച്ചുയരുമ്പോഴും സംസ്ഥാനത്തെ വൈദ്യുതി സ്ഥാപിത ശേഷിയിൽ ആനുപാതിക വർദ്ധനയില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | വൈദ്യുതിയുടെ ഉപഭോഗം സംസ്ഥാനത്ത് വർദ്ധിച്ച് വരുന്നതിന് ആനുപാതികമായി സ്ഥാപിതശേഷിയിൽ വർദ്ധനവ് വരുത്താൻ കഴിയുന്നില്ല. എന്നിരുന്നാലും പരമാവധി സ്ഥാപിത ശേഷി വർദ്ധനവിനായി ജലവൈദ്യുതി പദ്ധതികളും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തിയുള്ള പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |
| (സി) | അധിക വൈദ്യുതി ആവശ്യം ലക്ഷ്യമിട്ട് വിവിധ പദ്ധതികൾക്ക് വൈദ്യുതി ബോർഡ് തയ്യാറെടുക്കുന്നുണ്ടെങ്കിലും വൻകിട പദ്ധതികളുടെ കാര്യത്തിൽ ആശങ്ക നിലനിൽക്കുന്നുണ്ടോ; | (സി) | സംഭരണ ശേഷി കൂടിയ ജലവൈദ്യുതി പദ്ധതികൾ വനം-പരിസ്ഥിതി വിഷയങ്ങൾ കാരണം സംസ്ഥാനത്ത് നടപ്പിലാക്കാനാകുന്നില്ല.<br>കൽക്കരി അധിഷ്ഠിത പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ പുരോഗതി കൈവരിയ്ക്കാനായിട്ടില്ല. വൻകിട വാതകാധിഷ്ഠിത പദ്ധതികൾ പരിഗണനയിലുണ്ടായിരുന്നത്, ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യതക്കുറവ്, ഇറക്കുമതി, പ്രകൃതി വാതക വിലയിലെ അസ്ഥിരത ഇവ കാരണം നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. |
| (ഡി) | എങ്കിൽ 2020 അവസാനത്തോടെ സംസ്ഥാനത്ത് പൂർത്തീകരിക്കാനുദ്ദേശിക്കുന്ന വൈദ്യുത പദ്ധതികൾ ഏതൊക്കെ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | 2020 അവസാനത്തോടെ കെ.എസ്.ഇ.ബി.എൽ സംസ്ഥാനത്ത് പൂർത്തീകരിക്കാനുദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജത്തിൽ നിന്നും |

കാറ്റിൽ നിന്നും കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ**

| നം | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാവാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| 1 | പീരുമേട്, ഇടുക്കി | 0.50 | നിർമ്മാണം ആരംഭിച്ചു (2018-19-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) | 360.35 |
| 2 | ഏറ്റുമാനൂർ, കോട്ടയം | 1.00 | Wet land issue | 668.72 |
| 3 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി (2018-19-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) | 969 |
| 4 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു (2018-19 -ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) | 353.9052 |
| 5 | ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നം) | 0.67 | 2018-19 ൽ പൂർത്തീകരിക്കും | |
| 6 | ജില്ലാ പഞ്ചായത്ത് കോഴിക്കോട് (44 നം) | 0.480 | 2018-19 ൽ പൂർത്തീകരിക്കും | |
| 7 | ജില്ലാ പഞ്ചായത്ത് മലപ്പുറം (11 നം) | 0.110 | 2018-19 ൽ പൂർത്തീകരിക്കും | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | 8 | ജില്ലാ പഞ്ചായത്ത് കാസർ ഗോഡ് (3 നം) | 0.195 | 2018-19 ൽ പൂർത്തീകരിക്കും | |
| | | | 9 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി (2 നം) | 0.027 | 2018-19 ൽ പൂർത്തീകരിക്കും | |
| | | | 10 | സൗത്തിലെ ഗവൺമെന്റ് സ്ഥാപനങ്ങൾ (4 നം) | 0.057 | 2018-19 ൽ പൂർത്തീകരിക്കും | |
| | | | 11 | കൊട്ടിയം, കൊല്ലം | 0.60 | 2018-19 ൽ പൂർത്തീകരിക്കും | |
| | | | 12 | മയിലാട്ടി, കാസർ ഗോഡ് | 1.00 | 2018-19 ൽ പൂർത്തീകരിക്കും | |
| | | | 13 | മാടക്കത്തറ ചുളിശ്ശേരി | 1.5 | 2018-19 ൽ പൂർത്തീകരിക്കും | |
| | | | 14 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായകെട്ടിടങ്ങളുടെ മുകളിൽ | 1.12 | 2018-19 ൽ പൂർത്തീകരിക്കും | |
| | | | 15 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രദ സ്കീം പ്രകാരം) | 0.04 | 2018-19 ൽ പൂർത്തീകരിക്കും | |
| | | | | ആകെ | 9.299 | | |

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | |
|---|---|---|---|
| 1 | റിവേഴ്സ് ബിഡ്ഡിങ്ങിലൂടെ വിവിധയിടങ്ങളിൽ ഉത്പ്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി വാങ്ങുന്ന പദ്ധതി | 200 | ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |

## കാറ്റിൽ നിന്നും കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ

| പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാവാട്ട്) |
|---|---|
| പൂവാർ കടൽത്തീരത്ത് 25 കിലോവാട്ട് വരെ ശേഷിയുള്ള ചെറുകാറ്റാടിയന്ത്രങ്ങൾ ഉപയോഗിച്ചുള്ള കാറ്റാടി~~യന്ത്രം~~ പാടം | 1 |
| കഞ്ചിക്കോട് 220 കെ.വി സബ്സ്റ്റേഷന് സമീപം | 2.5 |
| കഞ്ചിക്കോട് നിലവിലുള്ള 9 x 225 കിലോവാട്ട് കാറ്റാടിപാടത്തിലെ 5 കാറ്റാടിയന്ത്രങ്ങൾ മാറ്റി പകരം 850 കിലോവാട്ട് ശേഷിയുള്ള മൂന്ന് 600 കിലോവാട്ട് ശേഷിയുള്ള രണ്ടും സ്ഥാപിക്കുക | 2.625 |

കൂടാതെ കേരള സർക്കാരും എൻ.എച്ച്.പി.സി യും തമ്മിലുള്ള ഉടമ്പടിപ്രകാരം അഗളിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 8 മെഗാവാട്ട് കാറ്റാടിപാടവും സ്വകാര്യസംരംഭകർ നടപ്പിലാക്കാൻ ലക്ഷ്യംവയ്ക്കുന്ന 3 പദ്ധതികളിൽ നിന്നായി 27 മെഗാവാട്ടും, സ്വകാര്യസംരംഭകർ കാറ്റിൽ നിന്നും സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്ന പദ്ധതികളിൽ നിന്നും റിവേഴ്സ് ടെൻഡർ വഴി 200 മെഗാവാട്ട് സംസ്ഥാനത്ത് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

2020 അവസാനത്തോടെ എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ പൂർത്തീകരിക്കാനുദ്ദേശിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| | | | 1) 8MW ന്റെ ആനക്കാംപോയിൽ ചെറുകിട ജലവൈദ്യുതപദ്ധതി (കോഴിക്കോട് ജില്ല) IPP പദ്ധതി.<br>2) 4.5MW ന്റെ അരിപ്പാറ ചെറുകിട ജലവൈദ്യുതപദ്ധതി (കോഴിക്കോട് ജില്ല) IPP പദ്ധതി.<br>3) 2x10kW ന്റെ കാട്ടുവെട്ടി മൈക്രോജലവൈദ്യുത പദ്ധതി.<br>4) 4x10kW ന്റെ കാക്കാട് മൈക്രോജലവൈദ്യുത പദ്ധതി.<br>2020 ഓടുകൂടി 500 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജ റൂഫ് ടോപ്പ് പദ്ധതി വഴി ഉത്പാദിപ്പിക്കാനാണ് അനേർട്ട് ലക്ഷ്യമിടുന്നത്.<br>കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ ഹൈബ്രിഡ് പവർപ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ആദ്യ ഘട്ടം എന്ന നിലയിൽ 3 മെഗാവാട്ടിന്റെ സൗരോർജ്ജ പ്ലാന്റ് ഈ വർഷം പൂർത്തിയാക്കുന്നതിനും അടുത്ത ഘട്ടത്തിൽ 3-4 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള പദ്ധതിയും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.<br>കെ.എസ്.ഇ.ബി.എൽ വഴി സർക്കാർ കെട്ടിടങ്ങളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പവർപ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന തരത്തിലുള്ള പദ്ധതിക്ക് അനെർട്ട് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. മായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.<br>മേൽപ്പറഞ്ഞ പദ്ധതിക്ക് കെ.എസ്.ഇ.ബി.എൽ. ന്റെ ഡി.പി.ആർ. പ്രകാരം തെരഞ്ഞെടുക്കപ്പെട്ട കളക്ടറേറ്റ് കെട്ടിടങ്ങളിൽ ആകെ 365 kWp ഉം തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 1100 kWp ഉം ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

2020 അവസാനത്തോടെ കെ. എസ്. ഇ. ബി. എൽ പൂർത്തികരിക്കാൻ ഉദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികൾ

## നിർമ്മാണം നടന്നു വരുന്ന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതികൾ | സ്ഥാപിതശേഷി (മെഗാവാട്ട്) | ഉൽപാദനശേഷി (ദശലക്ഷം യൂണിറ്റ്) | പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന തീയതി |
|---|---|---|---|---|
| 1 | കക്കയം | 3 | 10.39 | 3/2018 |
| 2 | ഭൂതത്താൻകെട്ട് | 24 | 83.5 | 12/2018 |
| 3 | പെരിങ്ങൽക്കുത്ത് | 24 | 45.02 | 12/2018 |
| 4 | ചെങ്കുളം ഓഗ്മെന്റേഷൻ | - | 85 | 12/2020 |
| 5 | അപ്പർ കല്ലാർ | 2 | 5.14 | 12/2018 |
| 6 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 | 153.9 | 12/2020 |
| 7 | തോട്ടിയാർ | 40 | 99 | 6/2020 |
| 8 | ചാത്തൻകോട്ടനട -2 | 6 | 14.76 | 11/2019 |
| 9 | പഴശ്ശി സാഗർ | 7.5 | 25.16 | 4/2020 |
| | ആകെ | 166.5 | 521.87 | |

സെക്രട്ടറി